ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.04.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പ് വെള്ളിയാഴ്ച നടക്കാനിരിക്കെ പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയകക്ഷികൾ. ബിജെപി പ്രകടന പത്രിക പുറത്തിറക്കി.

**Political parties have intensified their campaigning's as the first phase of the Lok Sabha elections is to be held on Friday, BJP today released its manifesto called for the upcoming Lok Sabha elections.**

2). പ്രധാനമന്ത്രി നരേന്ദ്ര മോദി എൻ ഡി എ പ്രചാരണത്തിന് ഇന്ന് കേരളത്തിൽ എത്തും. കോൺഗ്രസ് സ്ഥാനാർഥി രാഹുൽ ഗാന്ധി നാളെയും മറ്റന്നാളും വയനാട് മണ്ഡലത്തിൽ. മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തൃശൂരിൽ പ്രചാരണത്തിൽ പങ്കെടുക്കും.

**Prime Minister Narendra Modi will reach Kerala today for NDA campaign. Congress candidate Rahul Gandhi to campaign in Wayanad constituency tomorrow and the day after. Chief Minister Pinarayi Vijayan will participate in the campaign in Thrissur tomorrow.**

3) ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ആന്റി ടാങ്ക് ഗൈഡഡ് മിസൈൽ ആയുധ സംവിധാനം ഡിആർഡിഒ-യും ഇന്ത്യൻ കര സേനയും വിജയകരമായി പരീക്ഷിച്ചു.

**Defence Research and Development Organisation (DRDO) and the Indian Army conducted successful trials of indigenous Man Portable Anti-tank Guided Missile Weapon System.**

4) **ഇന്ത്യൻ ഭരണഘടനാ ശില്പി ഡോ ബി.ആർ അംബേദ്കറുടെ 134-ാംാം ജന്മവാർഷിക സ്മരണയിൽ രാജ്യം. ആദരവ് അർപ്പിച്ച് പ്രമുഖ നേതാക്കൾ.**

**The country commemorates the 134th birth anniversary of Dr. BR Ambedkar, architect of the Constitution of India. Eminent leaders pay their tributes .**

5). **കാർഷിക സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും വിഷുപുലരിയെ വരവേറ്റ് ലോകമെമ്പാടുമുള്ള മലയാളികൾ. ക്ഷേത്രങ്ങളിൽ ഭക്തജന പ്രവാഹം.**

**Malayalis all over the world welcome the " Vishupulari" of agricultural prosperity and prosperity. Large number of devotees are flocking to temples.**

6). **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ; കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ലക്നൗ സൂപ്പർ ജയിൻറ്സുമായും, മുംബൈ ഇന്ത്യൻസ്, ചെന്നൈ സൂപ്പർ കിങ്സുമായും ഏറ്റുമുട്ടും.**

**Two matches to be held IPL cricket today; Kolkata Knight Riders will face Lucknow Super Giants, and Mumbai Indians to play against Chennai Super Kings.**

========================================

## ELECTION FIRST PHASE

ലോക്സഭാ തെരെഞ്ഞെടുപ്പിൻറെ ഒന്നാം ഘട്ട വോട്ടെടുപ്പ് വെള്ളിയാഴ്ച നടക്കാനിരിക്കെ, രാജ്യത്ത് പ്രചാരണം ഉച്ചസ്ഥായിയിൽ. 102 മണ്ഡലങ്ങളാണ് ഈ മാസം 19 ന് ഒന്നാംഘട്ടത്തിൽ പോളിംഗ് ബൂത്തുകളിലേക്ക് എത്തുന്നത്. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ ദേശീയ നേതാക്കൾ ഉൾപ്പെടെയുള്ളവർ പ്രചാരണ രംഗത്ത് സജീവമാണ്. എൻഡിഎ തെരഞ്ഞെടുപ്പ്

പ്രചരണത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മധ്യപ്രദേശിലും കർണാടകയിലുമെത്തും. ഉച്ചകഴിഞ്ഞ് മൈസൂരിൽ പൊതുറാലിയെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം വൈകിട്ട് മംഗലാപുരത്ത് നടക്കുന്ന റോഡ് ഷോയിലും പങ്കെടുക്കും. കോൺഗ്രസ് നേതാക്കളും പ്രചാരണത്തിൽ സജീവമാണ്. അതിനിടെ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള 16 സ്ഥാനാർത്ഥികളുടെ പട്ടിക കൂടി കോൺഗ്രസ് ഇന്നലെ പുറത്തിറക്കി. കോൺഗ്രസ് എംപി മനീഷ് തിവാരി ചണ്ഡീഗഢ് ലോക്സഭാ സീറ്റിൽ മത്സരിക്കും. ഹിമാചൽ പ്രദേശ് മന്ത്രി വിക്രമാദിത്യ സിംഗ് മണ്ഡി സീറ്റിലും, മുൻ കേന്ദ്രമന്ത്രി ശ്രീകാന്ത് ജെന ഒഡീഷയിലെ ബാലസോറിലും മത്സരിക്കും.

==========================================

**Election Manifesto BJP**

ആദ്യ ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ബിജെപി പ്രകടന പത്രിക പുറത്തിറക്കി. ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പത്രിക പുറത്തിറക്കിയത്. ബിജെപിയുടെ 2024-ലെ തിരഞ്ഞെടുപ്പ് പ്രകടനപത്രിക രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. കൂടുതൽ വികസനം, സ്ത്രീ ക്ഷേമം, അടിസ്ഥാനസൗകര്യം എന്നിവയ്ക്ക് പത്രിക ഊന്നൽ നൽകുന്നു. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്, വനിതാ സംവരണ നിയമം , 6-ജി ,ബുള്ളറ്റ്

ട്രെയിൻ , മുദ്ര വായ്പ പരിധി 20 ലക്ഷം രൂപയാക്കൽ എന്നിവ നടപ്പാക്കുമെന്നും പ്രകടന പത്രികയിൽ പറയുന്നു.

==========================================

**PM ELECTION**

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. എൻഡിഎ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വൈകിട്ട് കേരളത്തിലെത്തും.
ആലത്തൂർ, ആറ്റിങ്ങൽ മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ പ്രധാനമന്ത്രി പങ്കെടുക്കും.
നാളെ രാവിലെ ആലത്തൂർ ലോക്സഭാ മണ്ഡലത്തിലെ കുന്നംകുളം ചെറുവട്ടാനിയിൽ നടക്കുന്ന തിരഞ്ഞെടുപ്പ് റാലിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. തുടർന്ന് തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ കാട്ടാക്കടയിൽ നടക്കുന്ന പൊതുയോഗത്തിലും പങ്കെടുക്കും. കേന്ദ്ര മന്ത്രി രാജ്നാഥ്സിങ് എൻഡിഎ പ്രചാരണത്തിനായി വ്യാഴാഴ്ച സംസ്ഥാനത്ത് എത്തും. വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ ഗാന്ധി നാളെയും മറ്റന്നാളും മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തും.
രാഹുൽ ഗാന്ധിയ്ക്കായി കോൺഗ്രസ് പ്രസിഡൻറ് മല്ലികാർജ്ജുൻ ഖാർഗെ ഈ മാസം 20-നും ജനറൽ

സെക്രട്ടറി പ്രിയങ്കാ ഗാന്ധി 22-നും

കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി

വിജയൻ നാളെ ഇരിങ്ങാലക്കുട, തൃശ്ശൂർ, ഗുരുവായൂർ

എന്നിവിടങ്ങളിൽ എൽഡിഎഫ് പ്രചരണത്തിനെത്തും.
സിപിഐ(എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി
മറ്റന്നാൾ കാസർഗോഡ്, കണ്ണൂർ മണ്ഡലങ്ങളിൽ

പ്രചാരണത്തിനെത്തും. പോളിറ്റ്ബ്യൂറോ അംഗം പ്രകാശ്

കാരാട്ട്, സിപിഐ ജനറൽ സെക്രട്ടറി ഡി.രാജ

എന്നിവരും വരും ദിവസങ്ങളിൽ എൽഡിഎഫ് പ്രചാരണ
യോഗങ്ങളിൽ പങ്കെടുക്കും.

==========================================

**DRDO-ANTI TANK MISSILE**

ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ആൻ്റി ടാങ്ക് ഗൈഡഡ്

മിസൈൽ ആയുധ സംവിധാനം ഡിആർഡിഒ-യും
ഇന്ത്യൻ കര സേനയും വിജയകരമായി പരീക്ഷിച്ചു.
രാജസ്ഥാനിലെ പൊഖ്റാൻ ഫീൽഡ് ഫയറിംഗ്
റേഞ്ചിലാണ് പരീക്ഷണം നടന്നത്. അത്യാധുനിക
ടാങ്കുകളെ പ്രതിരോധിക്കാൻ ശേഷിയുള്ള ഈ

സംവിധാനത്തിന് പകലും രാത്രിയും ആക്രമണ
ശേഷിയുണ്ട്.

സംവിധാനത്തിൻ്റെ വിജയകരമായ പരീക്ഷണത്തിന്
പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് ഡിആർഡിഒയെയും

ഇന്ത്യൻ കരസേനയെയും അഭിനന്ദിച്ചു.

==========================================

**INDIAN NAVY-AWARDS**

ധീരതയ്ക്കും വിശിഷ്ട സേവനത്തിനുമുള്ള നാവിക സേന പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. ഗോവയിലെ നേവൽ ബേസ് ഐഎൻഎസ് ഹൻസയിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിന് വേണ്ടി നാവികസേനാ മേധാവി അഡ്മിറൽ ആർ. ഹരി കുമാർ പുരസ്കാരങ്ങൾ വിതരണം ചെയ്യും. ആചാരപരമായ പരേഡോടെ ആരംഭിക്കുന്ന ചടങ്ങിന് നാവികസേനയിലെ മുതിർന്ന ഉദ്യോഗസ്ഥർക്കൊപ്പം പുരസ്കാര ജേതാക്കളുടെ കുടുംബാംഗങ്ങളും സാക്ഷ്യം വഹിക്കും.

=========================================

**KEJRIWAL**

മദ്യനയ കേസിൽ ഈ.ഡി യുടെ അറസ്റ്റിനെ ചോദ്യം ചെയ്തു കൊണ്ട് ഡൽഹി മുഖ്യമന്ത്രിയും, ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്‌രിവാൾ നൽകിയ ഹർജി, സുപ്രീം കോടതി നാളെ പരിഗണിക്കും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദിപാങ്കർ ദത്ത എന്നിവരുടെ ബെഞ്ചായിരിക്കും ഹർജി പരിഗണിക്കുക.

=========================================

**REV. PM TRIBUTE-AMBEDKAR**

ഇന്ത്യൻ ഭരണഘടനാ ശില്പി ഡോ ബി.ആർ അംബേദ്കറുടെ 134-ാം ജന്മവാർഷികത്തിൽ സ്മരണാഞ്ജലി അർപ്പിച്ച് രാജ്യം. അദ്ദേഹത്തിൻറെ അന്ത്യവിശ്രമ സ്ഥലമായ ചൈത്യഭൂമിയിലും ബുദ്ധമതം സ്വീകരിച്ച നാഗ്പൂരിലെ ദീക്ഷഭൂമിയിലും വിവിധ ആഘോഷങ്ങൾ സംഘടിപ്പിച്ചു . പാർലമെന്റ്

അങ്കണത്തിലെ അംബേദ്കർ പ്രതിമയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ പുഷ്പാർച്ചന നടത്തി. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ , കേന്ദ്ര മന്ത്രി അമിത് ഷാ

എന്നിവർ അംബേദ്കർ ദിനത്തിൽ ആശംസകൾ നേർന്നു. രാജ്യത്തിൻറെ സമഗ്ര വികസനത്തിന്

അംബേദ്കറുടെ ആശയങ്ങൾ സ്വീകരിക്കണമെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു . അംബേദ്കറുടെ ദർശനം രാജ്യത്തിന്റെ വികസനത്തിന് പ്രചോദനമായെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ഡോ.ബി.ആർ.അംബേദ്കർ ഇന്ത്യൻ ഭരണഘടനയുടെ ശില്പി മാത്രമല്ല, സാമൂഹിക നീതിയുടെ വക്താവ് കൂടിയായിരുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

=========================================

**AIR – AMBEDKAR JAYANTHI**

ആകാശവാണി തിരുവനന്തപുരം നിലയത്തിൽ

അംബേദ്കർ ജയന്തി ആഘോഷം നടന്നു. ആകാശവാണി തിരുവനന്തപുരം നിലയം മേധാവി കെ എസ് സുബ്രഹ്മണ്യൻ അയ്യർ, പ്രോഗ്രാം എക്സിക്യൂട്ടീവ് ശ്രീകുമാർ മുഖത്തല തുടങ്ങിയവർ ചടങ്ങിൽ

പങ്കെടുത്തു. ചടങ്ങിനോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം നിലയത്തിലെ ജീവനക്കാർ അംബേദ്കറുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തി.

=========================================

## HOME VOTERS – KERALA

കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ 85 വയസു പിന്നിട്ട മുതിർന്ന വോട്ടർമാർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും വീട്ടിലെത്തി വോട്ടു രേഖപ്പെടുത്തുന്ന നടപടി നാളെ ആരംഭിക്കും. അസന്നിഹിത വോട്ടർ വിഭാഗത്തിൽപ്പെടുത്തിയാണ് ഇവർക്ക് വീട്ടിൽ തന്നെ വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം തെരഞ്ഞെടുപ്പു കമ്മിഷൻ ഒരുക്കിയിരിക്കുന്നത്.

==========================================

## VISHU

ഐശ്വരത്തിൻറേയും സമ്പൽസമൃദ്ധിയുടേയും മറ്റൊരു വിഷു ദിനം കൂടി. കാർഷിക സമൃദ്ധിയുടെ ഓർമ്മ പുതുക്കിയാണ് മലയാളികൾ  വിഷു ആഘോഷിക്കുന്നത്. വിഷുക്കണി കണ്ടുണർന്നും വിഷുക്കൈനീട്ടം നൽകിയും നാടെങ്ങും ആഘോഷ ലഹരിയിലാണ്. പുത്തൻ വസ്ത്രങ്ങളണിഞ്ഞ് വിഭവ സമൃദ്ധമായ സദ്യയൊരുക്കി ആഘോഷങ്ങൾ കെങ്കേമമാക്കുകയാണ് ലോകമെമ്പാടുമുള്ള മലയാളികൾ. പ്രതിസന്ധിയുടെ നാളുകൾ പിന്നിട്ട് സമ്പൽ സമൃദ്ധിയുടെ നല്ല നാളുകളെ കുറിച്ചുള്ള പ്രതീക്ഷകളാണ് ഓരോ വിഷു ദിനവും നൽകുന്നത്.

==========================================

## KERALA – TEMPLES

വിഷുക്കണി ദർശനത്തിന് കേരളത്തിലെ ക്ഷേത്രങ്ങളിൽ ഭക്തജനപ്രവാഹം. ഗുരുവായൂർ ക്ഷേത്രത്തിലും ശബരിമലയിലും വിഷുപ്പുലരിയിൽ വൻ

ഭക്തജനത്തിരക്കാണ് അനുഭവപ്പെട്ടത്. ശബരിമലയിൽ പുലർച്ചെ നടതുറന്ന് ശ്രീലകത്ത് ദീപം തെളിയിച്ച് അയ്യപ്പ സ്വാമിയെ അദ്യം കണി കാണിച്ചു. തുടർന്ന് തീർത്ഥാടകർക്കും വിഷുക്കണി ദർശനം നടന്നു.

ഗുരുവായൂർ ക്ഷേത്രത്തിൽ പുലർച്ചെ വിഷുക്കണി ദർശനം ഒരു മണിക്കൂർ സമയമായിരുന്നു . വിഷുദിനമായ ഇന്ന് സമ്പൂർണ നെയ് വിളക്ക് ആഘോഷിക്കും. ദക്ഷിണകാശി എന്നറിയപ്പെടുന്ന വയനാട്-തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രത്തിൽ ആയിരക്കണക്കിന് ഭക്തരാണ് വിഷുക്കണി ദർശിച്ചത്.

==========================================

**LAKSHADEEP FLIGHT SERVICE**

കോഴിക്കോട് നിന്ന് ലക്ഷദ്വീപിലെ അഗത്തിയിലേക്ക് അടുത്തമാസം ഒന്ന് മുതൽ ഇൻഡിഗോ വിമാന സർവീസ് ആരംഭിക്കും. ഇതിൻറെ ടിക്കറ്റ് ബുക്കിംഗ് ആരംഭിച്ചു.

==========================================

**NT. IRAN ISRAEL ESCALATIONS – (INTRO)**

പശ്ചിമേഷ്യ വീണ്ടും സംഘർഷഭീതിയിൽ . സിറിയയിലെ കോൺസുലേറ്റിന് നേരെയുണ്ടായ വ്യോമാക്രമണത്തിന് തിരിച്ചടിയായി ഇറാൻ, ഇസ്രായേലിന് നേരെ ഡ്രോണുകളും മിസൈലുകളും വിക്ഷേപിച്ചു.

വിശദാംശങ്ങളിലേക്ക്......

(VOICE.....)

ഇറാൻ നിരവധി ഡ്രോണുകളും മിസൈലുകളും പ്രയോഗിച്ചതായി ഇസ്രായേൽ സൈനിക വക്താവ് സ്ഥിരീകരിച്ചു. ഇതിൽ ഭൂരിഭാഗവും ഇസ്രായേൽ

അതിർത്തിയിൽ വച്ച് തന്നെ നിർവീര്യമാക്കി.

ആക്രമണത്തിൽ നേരിയ നാശനഷ്ടമുണ്ടായതായും ഒരു കുട്ടിക്ക് പരിക്കേറ്റതായും അധികൃതർ അറിയിച്ചു. പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇസ്രായേൽ പ്രധാനമന്ത്രി ബന്യമിൻ നെതന്യാഹു അടിയന്തിരയോഗം വിളിച്ചു. തങ്ങൾക്കെതിരായ ആക്രമണം നേരിടാൻ ഇസ്രായേൽ തയ്യാറാണെന്ന് നെതന്യാഹു വ്യക്തമാക്കി. അതേസമയം, ഇസ്രയേലിനെ ലക്ഷ്യമിട്ട് ഇറാൻ നടത്തുന്ന ആക്രമണങ്ങളെ യു എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ശക്തമായി അപലപിച്ചു. ഇരു രാജ്യങ്ങളും സംയമനം പാലിക്കണമെന്ന് യുഎൻ സെക്രട്ടറി ജനറൽ ആവശ്യപ്പെട്ടു. ലോകത്തിന് മറ്റൊരു യുദ്ധം താങ്ങാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. സംഘർഷത്തിൽ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം ആശങ്ക പ്രകടിപ്പിച്ചു. മേഖലയിലെ സുരക്ഷാ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും എംബസികളുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു. ബ്രിട്ടൺ , ഫ്രാൻസ് ,ജർമ്മനി തുടങ്ങിയ രാജ്യങ്ങളും ആക്രമണത്തെ വിമർശിച്ചു. അതിനിടെ, ഇന്നലെ ഹോർമുസ് കടലിടുക്കിൽ ഇസ്രയേലുമായി ബന്ധമുള്ള കപ്പൽ ഇറാൻ പിടിച്ചെടുത്തു. ന്യൂസ് ഡെസ്ക്, ആകാശവാണി...

==========================================

**IPL**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ , വൈകിട്ട് 3.30 നു നടക്കുന്ന ആദ്യ മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലക്ക് നൗ സൂപ്പർ ജയന്റ്സിനെ നേരിടും .കൊൽക്കത്തയിലെ ഈഡൻ ഗാർഡനിൽ ആണ് മത്സരം . മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.

=====================================

**ISL**

ഐ എസ് എൽ ഫുട്ബോളിൽ ചെന്നൈയിൻ എഫ് സി ഗോവ എഫ് സി യെ നേരിടും. രാത്രി 7.30 ന് ഗോവയിലാണ് മത്സരം. പ്ലേ ഓഫ് , എലിമിനേറ്റർ മത്സരങ്ങൾ ഈ മാസം 19 മുതൽ ന് ആരംഭിക്കും. മെയ് നാലിനാണ് ഫൈനൽ.

=====================================

**BANGLADESH – HIJACKED SHIP**

സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയ ബംഗ്ലാദേശ് ചരക്ക് കപ്പലായ എം വി അബ്ദുള്ളയെ മോചിപ്പിച്ചു . കപ്പലിലെ 23 നാവികരും സുരക്ഷിതരാണെന്ന് കപ്പൽ ഉടമയായ ബംഗ്ലാദേശ് കമ്പനി അറിയിച്ചു .

=====================================

## US-EDUCATION LOAN

യു എസിൽ 206,000 വിദ്യാർത്ഥി വായ്പകൾ റദ്ദാക്കുന്നതായി പ്രസിഡന്റ് ജോ ബൈഡൻ അറിയിച്ചു . പുതിയ തിരിച്ചടവ് പദ്ധതിയുടെ ഭാഗമായാണ് നീക്കം. പദ്ധതിയിലൂടെ 4.8 ബില്യൺ ഡോളറിന്റെ ഏകദേശം 360,000 വായ്പകളാണ് റദ്ദ് ചെയ്യുന്നത്.

==============================================

====================

==============